ചിത്രകഥ അവസാനിക്കുന്നു

# മാന്ത്രികക്കുരങ്ങൻ

**കഥാസാരം:** ചക്രവർത്തിയായ ഹാറൂൺ അൽ റശീദ് രാജ്ഞിയുടെ കിരീടത്തിൽ വെക്കാൻ പറ്റിയ രത്നത്തിനായി ബസ്രയിലെ അബു മുഹമ്മദ് എന്ന മടിയന്റെ അടുത്തേക്ക് ദൂതനെ അയച്ചു. അബു മുഹമ്മദ് രാജധാനിയിലെത്തി ഖലീഫക്ക് ഒട്ടേറെ സമ്മാനങ്ങൾ നൽകി. പിന്നീട് തന്റെ കഥ പറയാൻ ആരംഭിച്ചു. കുട്ടിക്കാലത്ത് മടിയനായ അബു മുഹമ്മദിനെ വെള്ളി നാണയങ്ങളുമായി ഉമ്മ സമുദ്രവ്യാപാരിയായ അബു മുസാഫിറിന്റെ അടുക്കലേക്ക് അയച്ചു. ചൈനയിൽ നിന്ന് എന്തെങ്കിലും വാങ്ങി വരണമെന്ന് പറഞ്ഞ് അബു മുഹമ്മദ് നാണയങ്ങൾ അബു മുസാഫിറിനെ ഏൽപ്പിച്ചു. സാധനം വാങ്ങാൻ പക്ഷേ അദ്ദേഹം മറന്നു. മടങ്ങിവരും വഴി ദ്വീപിലെ ചന്തയിൽ നിന്നും ഒരു കുരങ്ങുകളിക്കാരനിൽ നിന്ന് അഞ്ച് വെള്ളിനാണയത്തിന് മുടി പോയ ഒരു കുരങ്ങനെ അദ്ദേഹം വാങ്ങി. കച്ചവടവും കഴിഞ്ഞ് തിരിച്ച് വരുംവഴി മുസാഫിറിനെയും കൂട്ടരെയും നരഭോജികൾ ആക്രമിക്കുകയും തുറുങ്കിലടക്കുകയും ചെയ്യുന്നു. കുരങ്ങൻ അവരെ തുറുങ്കുതുറന്ന് രക്ഷിച്ചു. അവർ കുരങ്ങന് സമ്മാനങ്ങൾ നൽകി. കുറെനാൾ കഴിഞ്ഞ് മുസാഫിറിന്റെ കപ്പൽ കരക്കണഞ്ഞു. അവർ കുരങ്ങനെ അബു മുഹമ്മദിനെ ഏൽപിച്ചു. പിറ്റേദിവസം മുതൽ മുസാഫിറും കൂട്ടരും അബു മുഹമ്മദിന്റെ വീട്ടിലെത്തി. കുരങ്ങൻ വഴിയുണ്ടായ എണ്ണമറ്റ സമ്പാദ്യങ്ങൾ അവന് കൊടുത്തു. ഒരുദിവസം കുരങ്ങൻ ഒരു നിർദേശം വെച്ചു. കുരങ്ങൻ പറഞ്ഞ പ്രകാരം അബു മുഹമ്മദ് ഒരു കച്ചവടക്കാരന്റെ മകളെ വിവാഹം കഴിച്ചു. പിന്നീട് കുരങ്ങൻ പലതും ചെയ്യാനാവശ്യപ്പെട്ടു. അങ്ങനെ ചെയ്തപ്പോൾ അബു മുഹമ്മദിന് ഭാര്യയെ നഷ്ടപ്പെട്ടു. അബു മുഹമ്മദ് വിലപിച്ചപ്പോൾ ജിന്നുകൾ പ്രത്യക്ഷപ്പെട്ടു. അവ പറഞ്ഞ പ്രകാരം അയാൾ ഒരു നാഗത്തിന്റെ പുറത്തേറി യാത്രയായി. ഒരു ദ്വീപിലിറങ്ങി. ഒരു കപ്പൽ കണ്ടു. കൈ വീശി അതിൽ കയറി. പക്ഷേ, കപ്പലിലുണ്ടായിരുന്നവരുടെ ഭാഷ അജ്ഞാതമായിരുന്നു. ഒരു ദിവസം ജിന്ന് അവനെ കുതിരപ്പുറത്തേറ്റി കൊണ്ടുപോയി. പിച്ചള നഗരത്തിനരികിൽ ഇറക്കിവിട്ടു. അയാൾ അവിടെ കുറെ നാഗങ്ങളെ കണ്ടു. നടക്കും വഴി തട്ടിമറിഞ്ഞ് ഒരു ഗുഹയിൽ വീണു. അവിടെ അയാളുടെ ഭാര്യയെ കണ്ടു. തന്നെ തട്ടിക്കൊണ്ടുപോയ മാന്ത്രികകുരങ്ങന്റെ പക്കൽനിന്നും ഭൂതങ്ങൾ പ്രത്യക്ഷപ്പെടുന്ന വിദ്യ കൈവശമാക്കിയിട്ടുണ്ടെന്ന് അവൾ പറഞ്ഞു. അബൂ മുഹമ്മദ് ഭൂതങ്ങളുടെ സഹായത്താൽ അവിടെനിന്നും രക്ഷപ്പെട്ടു.




ആ കുരങ്ങനെ കുപ്പിയിലാക്കി എനിക്കു കാണണം.
ഹ! ഹ! അത്രേയുള്ളോ!
അബു മന്ത്രം ചൊല്ലിയതും ഭൂതങ്ങൾ ഒരു ചെറിയ കുപ്പിയിലാക്കി കുരങ്ങനെ കൊണ്ടുവന്നു.
ഹ! ഹ! അവന്റെ ഇരിപ്പു കണ്ടോ!
എന്നെ തട്ടിയെടുക്കാൻ നോക്കിയിട്ട് ഇപ്പോൾ എന്തായി?


പ്രിയതമാ, ആ മന്ത്രത്തകിടു കൊണ്ട് ഇനിയും ആവശ്യമുണ്ട്.
പറയൂ
ഓ, അതു കൊള്ളാം.
ഹ്രാം... ഹ്രീ... ജിം ഭൂം ഭാ...
വീണ്ടും ഭൂതങ്ങൾ പ്രത്യക്ഷപ്പെട്ടു
കല്പിച്ചാലും! ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?
പിച്ചളനഗരത്തിലെ സമ്പത്തു മുഴുവൻ വേഗം ഇങ്ങോട്ടു കൊണ്ടുവരിൻ!
ആജ്ഞ പോലെ!


താമസിയാതെ–
അബു രാജാവിന്റെ മുന്നിൽ തന്റെ കഥ പറഞ്ഞു നിർത്തി.
ഓഹോ! അങ്ങനെ യാണല്ലേ നീ ഭൂമിയിലെ ഏറ്റവും ധനവാനും ഭാഗ്യവാനും സന്തോഷ വാനുമായത്.
അതെ, അങ്ങേയ്ക്ക് എന്താവ ശ്യമുണ്ടെങ്കിലും ഞാനതു നിറവേറ്റിത്തരാം.
സന്തുഷ്ടനായ രാജാവ് എല്ലാ ബഹുമതികളോടെയും അബുവിനെ കൊട്ടാരത്തിൽ നിന്നു യാത്രയാക്കി.
(അവസാനിച്ചു)